പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1071** **20.03.2012-ൽ മറുപടിക്കുള്ളത്**

**ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാം കുഴി അലി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം നടത്തുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നിലവിലുള്ള നയം തുടരുന്നതാണ്. |
| (ബി) | സർക്കാർ ഏറ്റെടുത്ത് അധീനതയിൽ വച്ചിട്ടുള്ള മിച്ചഭൂമിയിൽ ഇനി വിതരണം നടത്താതെ ശേഷിക്കുന്ന ഭൂമിയുടെ വിശദവിവരം നൽകാമോ; | (ബി) | സംസ്ഥാനത്തൊട്ടാകെ, 578.19 ഹെക്ടർ മിച്ചഭൂമി വിതരണത്തിനായി ശേഷിക്കുന്നുണ്ട്. |
| (സി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് കൂടുതൽ ഭൂമി കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിൽ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള ഭൂപരിഷ്ക്കരണ നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും പരിധിയിൽ വരാവുന്ന കൂടുതൽ മിച്ചഭൂമി കേസുകൾ കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചും, വിവിധ താലൂക്ക് ലാന്റ് ബോർഡുകളിലെ പെന്റിംഗിലുള്ള സീലിംഗ് കേസുകൾ പരമാവധി വേഗത്തിൽ തീർപ്പാക്കിയും, മിച്ചഭൂമിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റേയും വിവിധ ഗവൺമെന്റ് പ്ലീഡർമാരുടേയും സഹായത്തോടുകൂടി, ത്വരിതഗതിയിൽ നടപടികളെടുത്തുകൊണ്ടും കൂടുതൽ മിച്ചഭൂമി കണ്ടെത്തി, ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | വികസനപ്രവർത്തനങ്ങളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന പാവപ്പെട്ടവർക്ക് മിച്ചഭൂമി വിതരണത്തിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | കേരള ഭൂപരിഷ്ക്കരണ നിയമത്തിലേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ മിച്ചഭൂമി, വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ